അതനുസരിച്ച് കരാർ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി ലേബർ കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും ആ ലിസ്റ്റ് സംബന്ധിച്ച് പരാതികൾ പരിശോധിയ്ക്കാൻ അഡീഷണൽ ലേബർ കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും നിയമിക്കണമെന്ന ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

കൊണ്ടോട്ടി മോഡൽ സെക്ഷൻ ഓഫീസ്

194 (4257) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള കൊണ്ടോട്ടി സെക്ഷൻ ഓഫീസ് മോഡൽ സെക്ഷൻ ഓഫീസ് ആക്കി മാറ്റിയിട്ടുണ്ടോ ;

(ബി) എങ്കിൽ കൊണ്ടോട്ടി സെക്ഷനിൽ, ജീവനക്കാരുടെ ഒഴിവുകൾ, ഉപഭോക്താക്കളുടെ എണ്ണം എന്നിവ നിലവിലെ മാനദണ്ഡം അനുസരിച്ച് ഉള്ളതാണോ, അല്ലെങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോഡൽ സെക്ഷന്റെ മാനദണ്ഡം അനുസരിച്ച് വേണ്ടത്ര ജീവനക്കാർ കൊണ്ടോട്ടി സെക്ഷനിൽ ഇപ്പോഴില്ല. ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് വൈദ്യുത വകുപ്പിന്റെ കീഴിലുള്ള ഒഴിവുകൾ

195 (4258) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് വൈദ്യുത വകുപ്പിന്റെ കീഴിൽ വിവിധ ആഫീസിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓരോ ഒഴിവുകളും എത്ര കാലമായിട്ടുണ്ടെന്നും എന്നത്തേക്ക് പ്രസ്തുത ഒഴിവുകൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly